# ധോണി മലകൾ അവഗണിക്കപ്പെടുന്ന ജൈവസമ്പത്ത്

**പി. റ്റി. ജേക്കബ്**

തപ്തി മുതൽ കന്യാകുമാരി വരെ നീണ്ടുകിടക്കുന്ന പശ്ചിമഘട്ട ശൃംഖലയിൽ നീലഗിരി മലകൾക്കും ആനമലകൾക്കും ഇടയ്ക്ക് 32 കി.മി കണ്ണിമുറിഞ്ഞു കിടക്കുന്ന വിടവാണ് വാളയാർ ചുരം. ചുരത്തിന് വടക്കുള്ള അവസാന കണ്ണിയിൽ 915 കി.മി മുതൽ 1525 കി.മി വരെ ഉയരത്തിൽ നിത്യഹരിതവനങ്ങളും, പ്രക്ഷീണ വനങ്ങളും, ഇല പൊഴിയും കാടുകളും, പുൽമേടുകളും, തേക്കുവളർത്തൽ കേന്ദ്രങ്ങളും ഇവയെ തഴുകുന്ന തടിനികളും ചേർന്നതാണ് ധോണി മലകൾ. മലയുടെ നെറുകയിൽ പ്രകൃതിയുടെ നിത്യജലസംഭരണിയായ ചിറവരമ്പ് ചതുപ്പുകളിൽ നിന്നൊഴുകുന്ന അരുവികൾ മലമ്പുഴ അണക്കെട്ടിലേക്ക് സപ്പാൽ തോടായും ചെറുകിട വൈദ്യുത പദ്ധതിയുടെ ആനുകാലികമായ മീൻവല്ലത്തിലേക്ക് പുളിയാമ്പള്ളി തോടായും നീർ ചുരത്തുന്നു. അതിനിടയിലെ ജൈവസമ്പന്ന ഭൂമിയാണ് ധോണി വനം,

ബാംഗ്ലൂർ കേന്ദ്രമായ പശ്ചിമഘട്ട ജൈവവൈവിദ്ധ്യ നെറ്റ് വർക്ക്, പാലക്കാട് ഗവ: വിക്ടോറിയാ കോളേജ് സസ്യവിഭാഗം കെ. മുരുകന്റെ നേതൃത്വത്തിൽ നടത്തിയ പഠനത്തിൽ 167 കുലങ്ങളിൽ പെട്ട 612 ഇനം രേഖപ്പെടുത്തിയ സസ്യങ്ങളെ ഇവിടെ കണ്ടെത്തിയിട്ടുണ്ട്. അഗസ്ത്യമലയിൽ മാത്രം കണ്ടുവരുന്ന ചില സവിശേഷ ഇനം സസ്യങ്ങൾ ധോണി വനത്തിന്റെ പ്രത്യേകതയാണ്. പ്രാണികളെ ഭക്ഷിക്കുന്ന 8 ഇനം സസ്യങ്ങൾ ഇവിടെ ഉണ്ട്. വിദേശരാജ്യങ്ങളിൽ അകത്തളങ്ങളിലെ അലങ്കാരച്ചെടിയായി പ്രിയമുള്ള ഇത്തരം സസ്യങ്ങൾക്കു വിപണന സാദ്ധ്യത ഏറെയാണെന്നു മാത്രമല്ല, കലവറ ശോഷിക്കാതെ കയറ്റുമതി നടത്തുന്നതിന് ടിഷ്യുകൾച്ചർ സാങ്കേതിക വിദ്യ ഇന്ന് സഹായത്തിനുണ്ട്.

ഔഷധസസ്യങ്ങളിൽ ഹൃദയത്തിന് ടോണിക്കായ രക്താർജ്ജുന, പേപ്പട്ടി വിഷത്തിനുള്ള നാഗസുഗന്ധ, കാൻസറിനുള്ള ഒരിനം അത്തി തുടങ്ങി ചികിത്സാരംഗത്ത് അത്ഭുതങ്ങൾ സൃഷ്ടിച്ചേക്കാവുന്ന പല അമൂല്യസസ്യങ്ങളുടെയും ആവാസമായ ധോണി മലകൾക്ക് അന്തർദ്ദേശീയ ഔഷധവിപണിയിൽ പലതും നേടാനുണ്ട്. നാദ്കർണിയുടെ ഇന്ത്യൻ മെറ്റീരിയാ മെഡിക്കലിലെ Terminalia arjuna, Ophiorhiza mungos, Ficus glomerata എന്നിവയാണ് മേൽ പ്രസ്താവനയ്ക്ക് അവലംബം. മലയേഷ്യൻ ഔഷധകമ്പനികളായ DXN, K-Link തുടങ്ങിയവ കൂണിന്റെയും പായലിന്റെയും പേരിൽ കോടികൾ കൊയ്തെടുക്കാൻ ചെയിൻ വിപണി ഇവിടെ ഇറക്കുമതി ചെയ്യുമ്പോൾ സസ്യവൈവിധ്യത്തിൽ ലോകത്ത് രണ്ടാം സ്ഥാനമുള്ള ഇന്ത്യ ലോകസസ്യൗഷധ വിപണിയിൽ 5% (220 കോടി ക) മാത്രമാണ് നേടിവരുന്നതെന്നത് ലജ്ജാകരമാണ്. 2010-ൽ ആഗോളതലത്തിൽ 2,50,000 കോടി കയുടെ സസ്യൗഷധ വിപണനം നടക്കുമെന്നാണ് പ്രതീക്ഷ. സസ്യൗഷധഭീമനായ ചൈന മാത്രമല്ല, ജൈവസമ്പന്നമല്ലാത്ത തായ്‌വാനും കൊറിയയും, ജപ്പാനുമൊക്കെ ഇതിന്റെ മുഖ്യ പങ്കാളികളാകുമ്പോൾ നാം കുങ്കുമം ചുമക്കുന്ന കഴുതകളായി മാത്രമല്ല എന്നും "കർശന സാമ്പത്തിക നടപടി"കളുടെ പല്ലവി പാടുന്ന വിദേശ ദല്ലാൾ ബിസിനസ്സുകാരായും സ്വപ്നാടനം നടത്തുകയാണ്.

ഏതായാലും വനസംരക്ഷണത്തിന്റെ പ്രാധാന്യം മനസ്സിലാക്കിയ കേന്ദ്രസർക്കാർ 1988-ൽ ജനപങ്കാളിത്തമുള്ള വനനയം ആവിഷ്കരിക്കുകയും 16 സംസ്ഥാനങ്ങൾ അത് നടപ്പാക്കുകയും ചെയ്തു. എന്നാൽ കേരളത്തിൽ അടുത്ത കാലത്തു മാത്രമാണ് ജനപങ്കാളിത്തമുള്ള വനസംരക്ഷണത്തിനുള്ള സംരംഭങ്ങൾ ആരംഭിച്ചത്. അതുപോലും പരീക്ഷണാർത്ഥം, നിർദ്ദിഷ്ട മേഖലകളിൽ മാത്രം തുടങ്ങിയ പരിധിയ്ക്കുള്ളിൽ തളച്ചിടുന്നതിനാണ് വനപാലകരിൽ ഒരു വിഭാഗത്തിന് താല്പര്യം. മറിച്ച്, ആതിരപ്പള്ളി, കണ്ണൂർ ജില്ലയിലെ ഏലപ്പാറ തുടങ്ങിയ സ്ഥലങ്ങളിൽ വനപാലകർ ശുഷ്കാന്തിയോടെ വനസംരക്ഷണ സമിതികൾ രൂപീകരിച്ച് നല്ല പ്രവർത്തനത്തിന് തുടക്കം കുറിച്ചിട്ടുണ്ട്. എന്നാൽ ധോണി വനം പോലെ പല മേഖലകളിലും ജനപങ്കാളിത്തം ചുവപ്പു നാടയിൽ കുരുങ്ങിക്കിടക്കുന്നതിനാൽ ഒരു നല്ല ദേശീയ നയത്തിന് പ്രയോഗത്തിൽ അകാലവാർദ്ധക്യം അസംഭാവ്യമല്ല.